പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 300

18-02-2013-ൽ മറുപടിക്ക്

## മാലിന്യം ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നവർക്ക് പ്രോപ്പർട്ടി ടാക്സിൽ ഇളവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.എം. ഉമ്മൻ മാസ്റ്റർ | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) മാലിന്യം ഉറവിടത്തിൽ തന്നെ കാര്യക്ഷമമായി സംസ്ക്കരിക്കുന്ന വീടുകൾക്കും ഇതര സ്ഥാപനങ്ങൾക്കും പ്രോപ്പർട്ടി ടാക്സിൽ ഇളവ് നൽകുന്ന കാര്യം ഏതെങ്കിലും നഗരസഭ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ നഗരസഭകളിൽ മാലിന്യ സംസ്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ ഇളവ് നൽകുന്ന കാര്യത്തിൽ പരവൂർ, പുനലൂർ, ചേർത്തല, ഗുരുവായൂർ എന്നീ നഗരസഭകളും തിരുവനന്തപുരം നഗരസഭയും തീരുമാനം എടുത്തിട്ടുണ്ട് |
| (ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പ്രഖ്യാപനം ഉണ്ടായിട്ടുണ്ടോ ; | (ബി) & (സി) 08/10/2012 ലെ സ.ഉ.(എം.എസ്)നം. 256/2012/തസ്വഭവ പ്രകാരം സംസ്ഥാനത്തെ വീടുകളിലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ 10% വരെ ഇളവ് അനുവദിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്). |
| (സി) മാലിന്യ നിർമാർജ്ജനം കാര്യക്ഷമമാക്കുന്നതിന് പ്രചോദനം നൽകുന്നതിനായി മാലിന്യ നിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള വീടുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും പത്തു ശതമാനം നികുതി ഇളവ് നൽകുമോ? | |

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - വീടുകളിൽ ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പ്

സ.ഉ.(എം.എസ്)നം.256/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 8/10/2012

## ഉത്തരവ്

സംസ്ഥാനത്തെ വീടുകളിലെ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോകമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീട്ടുടമകൾക്ക് വീട്ടുകരത്തിൽ 10% വരെ ഇളവ് അനുവദിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.ജെ.മാത്യു
സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ പഞ്ചായത്തുകൾക്കും,
നഗരസഭകൾക്കും കോർപ്പറേഷനുകൾക്കും
എല്ലാ നഗരകാര്യ റീജിയണൽ, ജോയിന്റ് ഡയറക്ടർമാർക്കും
} നഗരകാര്യ ഡയറക്ടർ/ പഞ്ചായത്ത് ഡയറക്ടർ മുഖേന
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ/ആഡിറ്റ് ), കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (3-10-12 ലെ ഇനം നമ്പർ 2340 പ്രകാരം)
പബ്ലിക് റിലേഷൻസ് വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.